നമ്പർ. EB2/37852/13/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ,പത്മവിലാസം റോഡ് ,
ഫോർട്ട് , തിരുവനന്തപുരം
തിരുവനന്തപുരം
തീയതി: 04.03.2014

**സർക്കുലർ**

വിഷയം:- സാങ്കേതികവിദ്യാഭ്യാസം - ട്രേഡ്സ്മാൻ / ട്രേഡ് ഇൻസ്ട്രക്ടർ - ശമ്പളസ്കെയിൽ പരിഷ്കരണം - സംബന്ധിച്ച്.

സൂചന :- സർക്കാർ ഉത്തരവ് (എം എസ്) നം. 09/2014/(183)/ഫിൻ, തീയതി: 07.01.2014.

സൂചനയിലെ സർക്കാർ ഉത്തരവിൻ പ്രകാരം ഈ വകുപ്പിലെ ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളുടെ ശമ്പളസ്കെയിൽ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച സ്കെയിലിൽ ജീവനക്കാരുടെ ശമ്പളം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ വിവിധ സ്ഥാപനമേധാവികൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

07.01.2014 നോ അതിന് ശേഷമോ നിയമിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം മേൽ ഉത്തരവ് പ്രകാരം സംശയലേശമന്യേ നിശ്ചയിക്കാവുന്നതാണ്. എന്നാൽ 07.01.2014 ന് മുൻപ് നിയമിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം നിശ്ചയിക്കുന്ന കാര്യത്തിൽ സർക്കാരിൽനിന്നും വ്യക്തത ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽനിന്നും വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ഉള്ളടക്കം: സൂചനയിലെ സർക്കാർ ഉത്തരവിൻറെ പകർപ്പ്.

ഡോ. ലത ജെ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികളുടെയും അറിവിലേക്കായി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്